# ഇത് വേദവിപരീതമല്ല

ജോയിക്കുട്ടി. ടി/ഡോയിറ്

ദൈവം ഭൂമിയിൽ ഭൂജാതാനാകുന്നതിന് മുമ്പ് തന്നെ എല്ലാം ക്രമികരിച്ചു. യേശുവിനേക്കാൾ തൊണ്ണൂറ്റിമൂന്ന വയസ്സുകൂടുതലുള്ള പിതാവായി ജോസഫിനേയും പതിനഞ്ചു വയസ്സു പ്രായകൂടുതലുള്ള മാതാവയ മറിയത്തിനേയും പന്ത്രണ്ടു വയസ്സു പ്രായകൂടുതലുള്ള പത്രോസിനേയും അങ്ങിനെ എല്ലാവരേയും നേരത്തെ തന്നെ ക്രമീകരിച്ചതിന ശേഷമാണ് യേശു ഭൂജാതാനായത്.

യേശു ജനിക്കുന്നതിന് മുമ്പ് തന്നെ തന്റെ പന്ത്രണ്ടു ശിഷ്യന്മാരേയും തിരഞ്ഞെടുത്തിരുന്ന എന്നത് സത്യമാണ്. എന്നാൽ താൻ ജനിച്ചതിന ശേഷം പേരു ചൊല്ലി പതിനൊന്ന പേരേ മാത്രമേ തന്റെ കൂടെ ശിഷ്യന്മാരായി ചേർത്തിരുന്നതായി കാണുവാനേ എനിക്ക് സാധിക്കുന്നുള്ളു. എന്നാൽ ശിഷ്യന്മാരിൽ ഒരുവനായ യൂദാഇൗസ്ക്കരിയോത്താ സ്വയം അവനെ അറിഞ്ഞ് കൂടെ ചേർന്നതായിട്ടാണ് എനിക്ക് പഠിക്കാൻ സാധിച്ചിട്ടുള്ളത്.

യേശുവിനേക്കാൾ ഏഴു വയസ്സ് പ്രായകൂടുതലുള്ള യൂദാഇൗസ്ക്കരിയോത്താ, ബാലനായിരുന്നപ്പോൾ സപ്പ ദശനമേറ്റ് മരണത്തോട് മല്ലിട്ട് കഴിഞ്ഞപ്പോൾ അവനെ കട്ടിലിൽ എടുത്ത് ചികിത്സിക്കാനായി കൊണ്ടുപോയിരുന്നവർ യേശുകുഞ്ഞ് കിടന്ന കട്ടിലിൽ കിടത്തി പരിപൂണ്ണ ആരോഗ്യവാനായി തീന്നതായിട്ടാണ് ചരിത്രഏടുകളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. അക്കാലങ്ങളിൽ വളരെയധികം വിഷ ചികിത്സ നടത്തുന്നവരുടെ അടുക്കൽ കൊണ്ടു പോയിട്ടും ഭേദമാക്കാൻ കഴിയാതെ വന്നപ്പോഴാണ് അവനെ എടുത്തു കൊണ്ടു പോയവർ യേശുകുഞ്ഞ് കിടന്ന കട്ടിലിൽ കിടത്തിയപ്പോൾ പരിപൂണ്ണ ആരോഗ്യവാനായി തീന്നുകണ്ടത്. അന്ന മുതൽ അവൻ യേശുവിൽ വിശ്വസിച്ചു.

ദൈവം ഭൂമിയിൽ മനുഷ്യനായി ജനിക്കുന്നതിന് മുമ്പ് തന്റെ പന്ത്രണ്ടു ശിഷ്യന്മാരേയും തിരഞ്ഞെടുത്ത് അവരുടെ ഭൂമിയിൽ ചെയ്യേണ്ട കാര്യങ്ങൾ ഏല്പിച്ചപ്പോൾ യൂദാഇൗസ്ക്കരിയോത്താവിന്റെ കത്തവ്യം ഏല്പിച്ചപ്പോൾ അവന് സഹിക്കവയ്യാത്ത വിഷമമായിരുന്ന. എന്നാൽ ഭൂമിയിൽ ജനിക്കുന്ന ദൈവത്തിനെ കാണിച്ചുകൊടുക്കാനൊരാളുണ്ടെങ്കിൽ മാത്രമേ അവനെ ക്രൂശിക്കാനും അടക്കം ചെയ്യാനും ഉയിർത്തെഴുന്നേൽക്കാനും സാധിക്കത്തുള്ളല്ലോ. അതിനായി ആരും ഇല്ലങ്കിൽ പിന്നെങ്ങിനെ ഇക്കാര്യങ്ങൾ എല്ലാം നിറവേറും? ഭൂമിയിൽ ജനിക്കുന്നതിന് മുമ്പ് യൂദാഇൗസ്ക്കരിയോത്താവിന് വാഗ്ദത്തം കൊടുത്തത് അവനെ ആദ്യമായ് ദൈവത്തിന്റെ കൂടെ സ്വഗ്ഗത്തിൽ ആക്കുമെന്നായിരുന്നു. ഈ ലോകം നിലനിൽക്കുന്നിടത്തോളം കാലം തന്നെ വഞ്ചകനെന്ന് വിധിക്കയില്ലേയെന്ന് അവന് സങ്കടം ഉണ്ടായിരുന്ന. എന്നാൽ മറ്റാരേക്കാളും മുമ്പേ തനിക്ക് സ്വഗ്ഗരാജ്യം നൽകാമെന്നുള്ള വാഗ്ദത്തിൽ അവൻ അനുസരിച്ചു. മനുഷ്യനായിത്തീന്ന യൂദാഇൗസ്ക്കരിയോത്താവിന്റെ ചിന്ത ഞാൻ ഇവനെ കാണിച്ചുകൊടുത്താൽ അതുല്ല്യ ശക്തിയുള്ള ഇവൻ ഇവരെയെല്ലാം കീഴടക്കി തന്റെ രാജ്യം സ്ഥാപിക്കുമ്പോൾ താൻകാണിച്ചുകൊടുത്തതുകൊണ്ടാണല്ലോ എന്ന കാരണത്താൽ അവന്റെ രാജ്യത്തിലെ മുഖ്യസ്ഥാനമായ സാമ്പത്തികമന്ത്രിയായി അവനേയാക്കുമെന്നും കണക്കു കൂട്ടി; അഥവാ തെറ്റിദ്ധരിച്ചു.

യേശുവിന് പതിനെട്ട് വയസ്സുള്ളപ്പോൾ യൂദാഇൗസ്ക്കരിയോത്താവിന് ഇരുപത്തഞ്ചു വയസ്സുള്ളപ്പോൾ അവൻ യേശുവിന്റെ കൂടെ കൂടിയതാണ്. യൗസേഫ്പിതാവിന്റെ കാലശേഷം യേശു തച്ചനായി ജോലിനോക്കുമ്പോൾ യൂദാഇൗസ്ക്കരിയോത്താവായിരുന്ന ആ വീട്ടിലെ കാര്യസ്ഥൻ. അവൻ എന്ന മുതൽ ആ വീട്ടിലുണ്ടായിരുന്ന എന്ന് ഇനിയും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. അവൻ വിസ്വസ്ഥനായിരുന്ന. അവൻ വളരെ കാര്യപ്രാപ്തിയുള്ളവനായിരുന്ന. അവൻ ഒരിക്കലും യേശുവിനേയോ ആ കുടുംബത്തേയോ ആരേയെങ്കിലുമോ ചതിച്ചതായി എങ്ങും കാണാൻ സാധിച്ചിട്ടില്ല. അവന്റെ കൂടെ യേശുവിനെ എവിടെ പറഞ്ഞു വിടുന്നതിനും മാതാവായ മറിയത്തിന് സന്തോഷമേയുണ്ടായിരുന്നുള്ളു.

യൂദാഇൗസ്ക്കരിയോത്താവിന്റെ കണക്കു കൂട്ടലും സങ്കല്പങ്ങളുമെല്ലാം തെറ്റി. യേശുവിനെ കുരിശിക്കുന്നത് അവന് സഹിക്കാൻ പാടില്ലാത്തതായിരുന്ന. അവൻ മുപ്പതു വെള്ളിക്കാശ് മടക്കികൊടുത്ത്അവനെ മടക്കിതരാൻ ആവശ്യപ്പെട്ടു. അവന്ദേശിച്ചപോലെ കാര്യങ്ങൾ നടന്നില്ല. അവൻ പശ്ചാത്തപിച്ചു് കെട്ടിഞാന്ന് മരിച്ചു. അവന്റെ വെപ്രാളത്തിനിടയിൽ കയർ പൊട്ടി താഴെ വീണ് തല പൊട്ടിച്ചിതറി മരിച്ചു. ദൈവം വാഗ്ദത്തം ചെയ്തതുപോലെ മറ്റാരാക്കാളും മുമ്പ് അവന് സ്വഗ്ഗം നൽകി. എന്നാൽ ഇന്നും ലോകം അവനെ വഞ്ചകനെന്ന് എണ്ണപ്പെട്ടിരിക്കുന്നത് തെറ്റല്ലേ!

ഈ എഴുതിയിരിക്കുന്നത് ഒരു വേദവിപരീതമെന്ന് പറഞ്ഞ് കല്ലെറിയുകയില്ലല്ലോ!